പഴശ്ശി ജലസേചന പദ്ധതി

21 (171) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഴശ്ശി ജലസേചനപദ്ധതിയുടെ പണി എന്ന് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതിക്ക് ഇതുവരെ എന്ത് തുക ചെലവഴിച്ചു ;

(സി) ഈ പദ്ധതി പ്രകാരം എത്ര ഹെക്ടർ സ്ഥലത്ത് ജലസേചനം നടത്താൻ കഴിയും ?

ഉത്തരം

(എ) 12/2000-ൽ പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) 143.82 കോടി രൂപ.

(സി) 23050 (ഗ്രോസ്) ഹെക്ടർ സ്ഥലത്ത്.

മനേലി എൽ.ഐ. സ്കീം

22 (172) ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പറവൂർ നിയോജകമണ്ഡലത്തിലെ മനേലി എൽ.ഐ. സ്കീമിന്റെ പണികൾ ടെണ്ടർ ചെയ്യാൻ നിലവിലുള്ള തടസ്സം എന്താണ് ;

(ബി) ഈ സ്കീമിന്റെ എസ്റ്റിമേറ്റ് സംഖ്യ എത്രയാണ് ; എത്ര ഹെക്ടർ സ്ഥലത്തെ കാർഷികമേഖലയ്ക്ക് ഇതിന്റെ പ്രയോജനം ലഭിക്കും ;

(സി) മനേലി എൽ.ഐ.സ്കീമിന് 1999-2000 വർഷത്തിൽ ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ട് ;

(ഡി) അഡീഷണൽ ആതറൈസേഷൻ ലഭ്യമായിട്ടുണ്ടോ ; എങ്കിൽ എന്നാണ് ലഭിച്ചത് എന്നറിയിക്കാമോ ?

ഉത്തരം

(എ) മനേലി എൽ.ഐ.സ്കീമിന്റെ പുതുക്കിയ നിരക്കിലുള്ള എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു. ഈ പണിക്ക് ബഡ്ജറ്റിൽ 5.93 ലക്ഷം രൂപ മാത്രമേ ഉൾക്കൊള്ളിച്ചിട്ടുള്ളൂ. 79 ലക്ഷം രൂപയുടെ അടങ്കൽ തുകയാണ് പുതുക്കിയ കരട് എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ഈ തുകയുടെ 20 ശതമാനം വരുന്ന തുക ബഡ്ജറ്റിൽ ഉൾപ്പെടുത്തിയാൽ മാത്രമേ ഈ പണിക്ക് ദർഘാസ് ക്ഷണിക്കുവാൻ കഴിയുകയുള്ളൂ.

(ബി) 79 ലക്ഷം രൂപയുടെതാണ് പുതുക്കിയ എസ്റ്റിമേറ്റ്. 208 ഹെക്ടർ സ്ഥലത്തെ കാർഷികമേഖലയ്ക്ക് ഇതിന്റെ പ്രയോജനം ലഭിക്കും.

LIBRARY ARCHIVES Kerala Legislative Assembly